ഇ.എം.എസ്. ഭവനനിർമ്മാണ ഗുണഭോക്താക്കൾക്ക് റേഷൻ കാർഡ്

61 (5739) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് റേഷൻകാർഡ് ലഭിക്കാത്തതിനാൽ ആനുകൂല്യം ലഭിക്കുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് പ്രത്യേക പരിഗണന നൽകി റേഷൻ കാർഡ് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) റേഷൻ നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് ആവശ്യസാധനങ്ങളും വാങ്ങാൻ എന്ന ഉദ്ദേശത്തോടെയാണ് റേഷൻ കാർഡുകൾ വിതരണം ചെയ്തു വരുന്നത്. കാലതാമസം ഒഴിവാക്കാൻ സത്വര നടപടി സ്വീകരിച്ചു വരുന്നു.

പൊതുവിതരണ കേന്ദ്രങ്ങൾവഴി വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ

62 (5740) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ കേന്ദ്രങ്ങൾവഴി സംസ്ഥാനത്ത് എന്തെല്ലാം ഉല്പന്നങ്ങൽ വിതരണം ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇത്തരം ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെല്ലാം സഹായങ്ങൾ ഏതൊക്കെ വിധത്തിൽ ലഭ്യമാകുന്നു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പൊതു വിതരണ കേന്ദ്രങ്ങൾവഴി സംസ്ഥാനത്ത് അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, ഫോർട്ടിഫൈഡ് ആട്ട എന്നീ ഉൽപ്പന്നങ്ങൾ വിതരണം ചെയ്തു വരുന്നു. കൂടാതെ, തെരഞ്ഞെടുത്ത റേഷൻ കടകളെ ശബരി സ്റ്റോറുകളാക്കി തെരഞ്ഞെടുത്ത് സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി വിൽക്കുന്ന അതേ നിരക്കിൽ പ്രൊവിഷൻ സാധനങ്ങളും വിറ്റുവരുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരി, ഗോതമ്പ്, പഞ്ചാസാര, മണ്ണെണ്ണ എന്നിവ തന്നെയാണ് പൊതു വിതരണ കേന്ദ്രങ്ങൾവഴി വിറ്റഴിക്കുന്നത്. കേന്ദ്രം അനുവദിക്കുന്ന ഗോതമ്പിൽ നിന്ന് ഒരു ഭാഗം ആട്ടയാക്കി മാറ്റുന്നതിന് സപ്ലൈകോക്ക് അനുമതി നൽകിയിട്ടുണ്ട്. ഇത് സപ്ലൈകോ തെരഞ്ഞെടുത്ത മില്ലുകൾവഴി ആട്ടയാക്കി മാറ്റി പൊതു വിതരണ കേന്ദ്രങ്ങളിലൂടെ വിറ്റഴിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly